| Sl No | Word | Description |
|---|---|---|
| 1 | **2G** | second-generation of cellular telephone technology |
| 2 | **3G** | ഡാറ്റ വളരെ വേഗത്തിൽ വിനിമയം ചെയ്യാമെന്നു മാത്രമല്ല വീഡിയോ കാളുകൾക്ക് സൌകര്യവുമുണ്ട് |
| 3 | 3GP video | ഇത് മൊബൈൽ ഫോണുകൾക്കായി നിർമ്മിച്ചെടുത്ത ഫോർമാറ്റാണ് . ഇതിന്റെ ഫയൽ സൈസ് കുറവാണ് . |
| 4 | **4G** | fourth generation of mobile phone communications standards . |
| 5 | Air Time | സെൽ ഫോണിൽ സംസാരിക്കാനായി ചെലവഴിച്ച സമയം |
| 6 | Alphanumeric | അക്ഷരങ്ങളും അക്കങ്ങളും കലർന്നത് |
| 7 | AM (Amplitude Modulation) | സിഗ്നലുകളുടെ ആയതിയിൽ വ്യത്യാസം വരുത്തുന്ന രീതി |
| 8 | **Analog** | റേഡിയോ സിഗ്നലുകൾ ഇൻഫർമേഷനെ വഹിച്ചുകൊണ്ടുപോകുന്ന പരമ്പരാഗതമായ രീതി. ഇപ്പോൾ ഈ രീതിക്കു പകരം ഡിജിറ്റൽ വന്നുകഴിഞ്ഞു. |
| 9 | Android | ലിനക്സ് അടിസ്ഥാനമാക്കിയുള്ള ഒരു ഓപ്പറേറ്റിംഗ് സിസ്റ്റമാണിത് . ഈ സോഫ്റ്റ്വെയർ പ്ലാറ്റ്ഫോം നിർമ്മിച്ചത് ഗൂഗിൾ ആണ് |
| 10 | **ANSI** | American National Standards Institute. |
| 11 | **Antenna** | റേഡിയോ ഫ്രീക്വൻസി സിഗ്നലുകളെ സ്വീകരിക്കുകയും പ്രേക്ഷണം ചെയ്യുകയും ചെയ്യുന്നതിനുള്ള ഒരു ഉപകരണം |
| 12 | APN (Access Point Name) | GPRS/EDGE/UMTS എന്നീ ഡാറ്റാ കണക്ഷനുവേണ്ടിയുള്ള ഒരു വെബ് സൈറ്റാണിത് |
| 13 | Audio jack | ഹെഡ്ഫോൺ കണക്ട് ചെയ്യുന്നതിനുള്ള സംവിധാനം |
| 14 | Bada OS | 2009 ൽ സാംസങ് നിർമ്മിച്ച ഓപ്പറേറ്റിംഗ് സിസ്റ്റം .Samsung Wave എന്ന മൊബൈൽ ഫോണിൽ ഇതാണ് ഉപയോഗിച്ചിട്ടുള്ളത് . |
| 15 | **Bandwidth** | ഒരു ചാനലിന്റെ കപ്പാസിറ്റി അളക്കുന്നതിന് ഉപയോഗിക്കുന്നു . കൂടാതെ പ്രസ്തുത ചാനലിൽ ഉള്ള ഫ്രീക്വൻസി അഥവാ ആവൃത്തി അറിയുന്നതിനും കഴിയുന്നു. ചാനലിന്റെ ബാൻഡ്വിഡ്ത്ത് കൂടിയാൽ ഡാറ്റാ റേറ്റും കൂടുതലായിരിക്കും. |
| 16 | **Base Station** | സെൽ ഫോണിൽ നിന്ന് ഡാറ്റാ സ്വീകരിക്കുകയും അതിലേക്ക് അയക്കുകയും ചെയ്യുന്ന സ്ഥലം |
| 17 | Bit | ബൈനറി ഡിജിറ്റ് ( ഇതിന്റെ വില പൂജ്യം അല്ലെങ്കിൽ ഒന്ന് ആണ് ) എട്ടുബിറ്റുകൾ കൂടിച്ചേർന്നതാണ് ഒരു ബൈറ്റ് |
| 18 | **Bluetooth** | വയർലെസ്സ് ആയി ഇൻഫർമേഷൻ കൈമാറുന്നതിനുള്ള സംവിധാനം |
| 19 | **bps (Bits per Second)** | ഡാറ്റാ ട്രാൻസ്മിഷൻ സ്പീഡ് അളക്കുന്ന ഒരു തോതാണിത് .അതായത് ഒരു സെക്കൻഡിൽ വിനിമയം ചെയ്യപ്പെടുന്ന ബിറ്റുകളുടെ എണ്ണം .എന്നാൽ സാധാരണയായി kbps (1000 bits per second) ൽ ആണ് അളക്കാറു പതിവ് . |
| 20 | **Broadband** | ശബ്ദം , വീഡിയോ , ഡാറ്റാ എന്നിവ ഒരേ സമയം ട്രാൻസ്മിറ്റ് ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സംവിധാനം . |
| 21 | **Call Forwarding** | മറ്റൊരു ടെലിഫോൺ നമ്പറിലേക്ക് കോൾ എത്തിക്കുന്ന സംവിധാനം |
| 22 | **CDMA** | Code Division Multiple Access |
| 23 | **CDMA (Code Division Multiple Access)** | ചില പ്രത്യേക കോഡുകളുടെ സഹായത്തോടെ വയർലെസ്സ് കോളുകൾ ട്രാൻസ്മിറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ |
| 24 | **Chipset** | ഐസി ചിപ്പുകൾ ഒരു പ്രത്യേക ജോലിക്കായി ഒരുമിച്ച് ഉപയോഗിക്കുന്ന രീതി |

| | | |
|---|---|---|
| 25 | Colour depth | ഒരു ഡിസ്പ്ലേയിൽ പ്രദർശിപ്പിക്കുവാൻ കഴിയുന്ന വർണ്ണങ്ങളുടെ എണ്ണമാണിത് . ഇത് ഒരു ഉയർന്ന സംഖ്യയാണെങ്കിൽ അതിനർത്ഥം വളരെയധികം വ്യത്യസ്തനിറങ്ങൾ ഉണ്ട് എന്നാണ് . മനുഷ്യനേത്രത്തിന് പത്ത് ദശലക്ഷത്തോളം വർണ്ണങ്ങളെ തിരിച്ചറിയാൻ കഴിയുമെന്ന് അവകാശപ്പെടുന്നു. |
| 26 | **Digital**: | സിഗ്നലുകളേയും ശബ്ദത്തേയും 0,1 എന്നീ അക്കങ്ങളിലേക്കു മാറ്റുന്ന സാങ്കേതിക വിദ്യ. |
| 27 | **Dual Band**: | ഒന്നിൽ കൂടുതൽ ഫ്രീക്വൻസി റേഞ്ചുകളിൽ വർക്കു ചെയ്യുന്ന ഹാൻഡ് സെറ്റ് |
| 28 | Dual Mode | അനലോഗ് , ഡിജിറ്റൽ എന്നീ നെറ്റ് വർക്കുകളിൽ വർക്കുചെയ്യുന്ന ഹാൻഡ്സെറ്റ് |
| 29 | **EDGE**: Enhanced Data Rate for Global Evolution | 384 Kbps. ഡാറ്റ വിതരണം ചെയ്യുന്ന സാങ്കേതിക വിദ്യ |
| 30 | **ESN (Electronic Serial Number)**: | മൊബൈൽ ഫോൺ നിർമ്മാതാവ് ഓരോ ഹാൻഡ്സെറ്റിനും നൽകുന്ന ഒരു സീരിയൽ നമ്പർ . ഓരോ ഫോൺ വിളിക്കുമ്പോഴും ഈ നമ്പർ തൊട്ടടുത്ത ബേസ് സ്റ്റേഷനിലേക്ക് ട്രാൻസ്മിറ്റ് ചെയ്യുന്നു. ഇലക് ട്രോണിക് സീരിയൽ നമ്പറും മൊബൈൽ ഐഡന്റിഫിക്കേഷൻ നമ്പറും വ്യത്യസ്ത കർത്തവ്യങ്ങളാണ് നിർവ്വഹിക്കുന്നത് . മൊബൈൽ ഐഡന്റിഫിക്കേഷൻ നമ്പർ കസ്റ്റമറുടെ മൊബൈൽ ഫോൺ നമ്പറിനെയാണ് തിരിച്ചറിയുന്നത് .ഈ രണ്ടു നമ്പറും “` തരികിടകൾ ` തിരിച്ചറിയുന്നതിനായി ഉപയോഗിക്കുന്നു. |
| 31 | Feature Phone | സ്മാർട്ട് ഫോൺ അല്ലാത്ത മൊബൈൽ ഫോൺ |
| 32 | Firmware | ഹാർഡ്‌വെയർ ഭാഗങ്ങളെ നിയന്ത്രിക്കുന്ന സോഫ്‌വെയർ . |
| 33 | FM (Frequency Modulation) | സിഗ്നലുകളുടെ ആവൃത്തിയിൽ വ്യത്യാസം വരുത്തുന്ന രീതി |
| 34 | FPS (Frames Per Second) | വീഡിയോയുടെ റസല്യൂഷൻ അളക്കുന്നതിനുള്ള തോതാണിത് . 24-30 fps എന്നത് തരക്കേടില്ലാത്ത ഗുണമേന്മയുള്ളതാണ് . |
| 35 | **GHz** | Gigahertz (1,000,000,000Hz). ആയിരം കോടി ഹെർട്സ് |
| 36 | **GPRS (General Packet Radio Service)** | വളരേ വേഗതയിൽ ഇന്റർനെറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം |
| 37 | **GPS (Global Positioning System)** | 24 കൃത്രിമ ഉപഗ്രഹങ്ങൾ ഉപയോഗിച്ച് ലോകമൊട്ടാകെ സ്ഥലസൂചനകൾ നടത്തിയിട്ടുള്ള സാങ്കേതിക വിദ്യ. |
| 38 | **GSM (Global System for Mobile Communications)** | മൊബൈൽ ഫോണുകളിൽ ഉപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യ. |
| 39 | Half-QWERTY keyboard layout | QWERTY ക്കു തുല്യമായ ലേ ഔട്ട് , പക്ഷെ ഒരു കീയിൽ രണ്ട് അക്ഷരങ്ങൾ ഉണ്ടായിരിക്കും . |
| 40 | **Hz (Hertz)** | ആവൃത്തി അഥവാ ഫ്രീക്വൻസിയുടെ യൂണിറ്റ് . ഇത് ഒരു സൈക്കിൾ പെർ സെക്കൻഡിനു തുല്യമാണ് . |
| 41 | **IC** | Integrated Circuit. |
| 42 | **J2ME**: | Java 2 Micro edition - സൺ മൈക്രോ സിസ്റ്റം നിർമ്മിച്ചെടുത്ത ഒരു സാങ്കേതിക വിദ്യ |
| 43 | Key Guard | കീ ബോർഡ് ലോക്ക് ചെയ്യുന്നതിനുള്ള സംവിധാനം . ഇത്തരത്തിൽ ലോക്ക് ചെയ്താൽ യാദൃശ്ചികമായി ഏതെങ്കിലും കീ യിൽ പ്രസ്സ് ചെയ്താൽ ഒരു പ്രശ്നവും ഉണ്ടാകുകയില്ല. |
| 44 | **KHz** | Kilohertz (1000 Hz). |
| 45 | **LAN** | Local Area Network , |

| | | |
|---|---|---|
| 46 | LED (Light-Emitting Diode) | വൈദ്യുതി കടന്നുപോകുമ്പോൾ പ്രകാശം പുറപ്പെടുവിക്കുന്ന സെമി കണ്ടക്ടർ ഡയോഡ് .വ്യത്യസ്ത മൂലകങ്ങൾ ഉള്ള എൽ ഇ ഡി കൾ വ്യത്യസ്ത വർണ്ണത്തിലുള്ള പ്രകാശം പുറപ്പെടുവിക്കുന്നു. |
| 47 | Li-Ion (Lithium Ion) | സാധാരണ ഉപയോഗിക്കുന്ന മൊബൈൽ ഫോൺ ബാറ്ററിയാണിത് . |
| 48 | mAh | milliampere-hour (m Ah) .ഇത് amp-hour (Ah) ന്റെ ആയിരത്തിലൊരു ഭാഗമാണ് .എത്രമാത്രം ഇലക് ട്രിക് ചാർജിനെ ഒരു ബാറ്ററിക്ക് സംഭരിച്ചുവെക്കാമെന്ന് ഇത് സൂചിപ്പിക്കുന്നു. മൊബൈൽ ഫോണിലെ ബാറ്ററി കൂടുതൽ mAh ഉണ്ടെങ്കിൽ കൂടുതൽ സമയം ചാർജ് ചെയ്ത് ഉപയോഗിക്കാമെന്നർത്ഥം |
| 49 | Megahertz (MHz) | ഇത് ഫ്രീക്വൻസിയുടെ അഥവാ ആവൃത്തിയുടെ യൂണിറ്റാണ് . അതായത് ഒരു മില്യൺ ഹെട്സിനു തുല്യമാണിത് . |
| 50 | Memory card slot | മൊബൈൽ ഫോണിൽ മെമ്മറി കാർഡ് ഇടുന്ന സ്ഥലം . |
| 51 | Memory effect | ബാറ്ററിയുടെ ചാർജ് പൂർണ്ണമായി തീരുന്നതിനുമുമ്പേ റീ ചാർജ് ചെയ്യുന്ന രീതി തുടർച്ചയായി അവലംബിക്കുമ്പോൾ ബാറ്ററിയുടെ ആയുസ്സ് കുറയുന്നതാണിത് . ഇത് സാധാരണയായി നിക്കൽ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള ബാറ്ററികളിലാണ് ഏറെയും സംഭവിക്കുന്നത് . |
| 52 | Micro SD കാർഡ് | സാധാരണ ഉപയോഗിക്കുന്ന മെമ്മറി കാർഡ് ആണിത് .(SD stand for Secure Digital) |
| 53 | Micro USB | ഇത് ഒരു തരത്തിലുള്ള യു എസ് ബി കണക്ടറാണ് . ഇതിലൂടെ കേബിൾ വഴി കമ്പ്യൂട്ടറുമായി കണക്ട് ചെയ്ത് ഫയലുകൾ കൈമാറ്റം ചെയ്യാം |
| 54 | **MIN (Mobile Identification Number)** | ഇത് ഒരു വയർലസ് ഫോൺ നമ്പർ ആണ് . ഇത് ഒരു നെറ്റ് വർക്കിലുള്ള വയർലസ് ഉപകരണത്തെ തിരിച്ചറിയുന്നതിന് സഹായിക്കുന്നു. |
| 55 | **MMS(Multimedia Messaging Service)** | അക്ഷരം , ശബ്ദം , ചിത്രം , വീഡിയോ എന്നിവ അടക്കം മെസേജ് ചെയ്യുന്ന സാങ്കേതിക വിദ്യ |
| 56 | **Mw** | Millie watt (.001 watt). |
| 57 | Network capacity | ഒരു നെറ്റ്‌വർക്കിലൂടെ എത്രമാത്രം വിനിമയം നടത്താമെന്നതിന്റെ കപ്പാസിറ്റി. സ്ഥലത്തിനനുസരിച്ച് ഈ കപ്പാസിറ്റി മാറിക്കൊണ്ടിരിക്കും . |
| 58 | NiCd (Nickel Cadmium) | മുൻപ് ഉപയോഗിച്ചിരുന്ന വിലകുറവുള്ള ഒരു ബാറ്ററിയാണിത് . ഇതിന് മെമ്മറി ഇഫക്ട് മൂലം ആയുസ്സ് കുറവാണ് . |
| 59 | **Number Portability** | ഉപഭോക്താവിന് തന്റെ സ്വന്തം ഫോൺ നമ്പർ നിലനിർത്തി സർവ്വീസ് പ്രോവൈഡറിനെ മാറ്റുന്ന രീതി |
| 60 | Personal Identification Number | Personal Identification Number |
| 61 | **PIN (Personal Identification Number)** | മൊബൈൽ ഫോണുകൾക്കുള്ള മറ്റൊരു സുരക്ഷാ സംവിധാനം |
| 62 | pinch-to-zoom | മൊബൈൽ ഫോണിന്റെ ഉപരിതലത്തിൽ , രണ്ടോ അതിലധികമോ സ്ഥലങ്ങളിൽ , സ്പർശിച്ചു കൊണ്ട് കാര്യങ്ങൾ ഇൻ പുട്ട് ചെയ്യുന്ന രീതി . റസിസ്റ്റീവ് ടൈപ്പ് ടച്ച് സ്ക്രീനിൽ മൾട്ടി ടച്ച് വർക്ക് ചെയ്യുന്നതല്ല.ടച്ച് സ്ക്രീൻ മൊബൈൽ ഫോണുകളിൽ സ്പർശിച്ചുകൊണ്ട് ചിത്രം വലുതാക്കാനും ചെറുതാക്കാനുമുള്ള സാങ്കേതിക വിദ്യ . ഈ രീതിയിൽ ശബ്ദം കൂട്ടാനു കുറക്കുവാനും സാധിക്കും . മാത്രമല്ല ; ഒട്ടനവധി കാര്യങ്ങൾ ഇത്തരത്തിൽ നിയന്ത്രിക്കുവാൻ സാധിക്കും |

| | | |
|---|---|---|
| 63 | Pixel | ഇത് രൂപപ്പെട്ടത് "pix" (for "picture") and el (for "element") എന്നീ വാക്കുകളിൽ നിന്നാണ് . ഒരു ചിത്രത്തിലെ ഏറ്റവും ചെറിയ ഇൻഫർമേഷനായി ഇതിനെ പറയാം . ഇത് ഒരു ചിത്രത്തിന്റെ റസലൂഷൻ അളക്കുന്ന യൂണിറ്റുകൂടിയാണ് . |
| 64 | Pixel density (PPI) | ഇത് അളക്കുന്നത് pixels per inch (ppi) ആയിട്ടാണ് . ഡിസ്പ്ലേയുടെ ഡയഗണൽ ( വികർണ്ണം) പിക്സൽ റസലൂഷനെ ഡയഗണൽ കൊണ്ട് ഹരിച്ചാൽ ലഭിക്കുന്നതാണിത് . |
| 65 | Polyphonic ringtones | |
| 66 | Predictive text input | ഒരു കീ ഒന്നിൽ കൂടുതൽ അക്ഷരങ്ങളെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും ഒരു അക്ഷരം ഉപയോഗിച്ച് വാക്കുകൾ ഇൻ പുട്ട് ചെയ്യുന്ന രീതി . T9 ആണ് സാധാരണ ഉപയോഗിക്കുന്ന രീതി . |
| 67 | QVGA (Quarter Video Graphics Array) | ഇതിന്റെ റസലൂഷൻ വി ജി എ യുടെ റസലൂഷനേക്കാൾ നാലിലൊന്ന് ചെറുതാണ് . അതായത് 320 pixels വീതിയും 240 pixels ഉയരവും |
| 68 | QWERTY keyboard layout | സാധാരണ ഉപയോഗിക്കുന്ന കി ബോർഡ് . സാധാരണ ഉപയോഗിക്കുന്ന കീ ബോർഡിൽ ആദ്യത്തെ വരിയിൽ ഉള്ള ആദ്യത്തെ 6 അക്ഷരങ്ങളുടെ പേർ നൽകിയിരിക്കുന്നു എന്നു മാത്രം . ഇത്തരത്തിലുള്ള കീ ബോർഡ് ടൈപ്പിംഗ് വേഗത്തിലാക്കുന്നു. |
| 69 | RAM | Random Access Memory |
| 70 | Resolution | ഒരു ഡിസ്പ്ലേയിൽ എത്ര പിക് സൽ ഉണ്ട് എന്ന് സൂചിപ്പിക്കുന്നതാണിത് . ഒരു ചിത്രത്തിന്റെ റസലൂഷൻ ഉയർന്നതാണ് എന്നു പറഞ്ഞാൽ അതിൽ കൂടുതൽ പിക് സൽ ഉണ്ട് എന്നാണ് അർത്ഥം . അതായത് പ്രസ്തുത ചിത്രത്തിന് കൂടുതൽ ക്വാളിറ്റി ഉണ്ടായിരിക്കും . റസലൂഷൻ ഡിസ്പ്ലേയുടെ വിസ്തീർണ്ണത്തെ സൂചിപ്പിക്കുന്നില്ല. അതായത് ഒരേ റസലൂഷൻ ഉള്ള രണ്ട് ചിത്രങ്ങൾ രണ്ട് വ്യത്യസ്ത വലുപ്പത്തിൽ ഉള്ളവയാകാം .അപ്പോൾ അതിലെ ചെറിയ ചിത്രത്തിന് pixels per inch (ppi) കൂടുതലാകും . തൽഫലമായി ആ ചിത്രം കൂടുതൽ വ്യക്തതയോടെ കാണുവാൻ കഴിയുന്നു. |
| 71 | RF | Radio Frequency. |
| 72 | Roaming | ഒരു ലോക്കൽ സർവ്വീസ് ഏരിയയുടെ പരിധി വിട്ട് പുറത്തുപോകുമ്പോൾ മൊബൈൽ ഫോൺ വിളിക്കാനുള്ള സംവിധാനം |
| 73 | ROM | Read Only Memory. |
| 74 | Screen protection | മൊബൈൽ ഫോൺ ഡിസ്പ്ലേയെ സംരക്ഷിക്കുവാനുള്ള ഒരു കവചം . |
| 75 | Secondary camera | വീഡിയോ കോളിംഗിന് ഉപയോഗിക്കുന്ന റസലൂഷൻ കുറഞ്ഞ ക്യാമറ. |
| 76 | **SMS**: Short Messaging Service | മൊബൈൽ ഫോൺ മുഖേന ചെറിയ മെസേജുകൾ അയക്കുന്നതിനുള്ള സംവിധാനം |
| 77 | **Standby time**: | ഒരു മൊബൈൽ ഫോൺ ചാർജ്ജ് ചെയ്തതിനുശേഷം ഡിസ്ചാർജ് ചെയ്യുന്നതുവരെ എത്ര സമയം നിൽക്കുന്നു എന്നത് |
| 78 | **Streaming Video** | മൊബൈൽ ഫോണിൽ ഡൌൺലോഡ് ചെയാതെ കാണുവാൻ കഴിയുന്ന വെബ്ബ് വീഡിയോ |
| 79 | Subscriber Information Module (SIM) | സിം |

| | | |
|---|---|---|
| 80 | T9 Predictive Text | T9 എന്നുവെച്ചാൽ 9 കീ കളിലായി അക്ഷരങ്ങൾ കൈകാര്യം ചെയ്യുന്നതിനെയാണ് .ഉദാഹരണമായി , ഇത്തരം കീ ബോഡിൽ good എന്ന അക്ഷരം പ്രിന്റ് ചെയ്യാൻ 4663 എന്നീ കീകളിൽ പ്രസ് ചെയ്താൽ മതി |
| 81 | Talk time | മൊബൈൽ ഫോണിൽ തുടർച്ചയായി , റീചാർജ്ജുചെയ്യാതെ എത്ര സമയം സംസാരിക്കാമെന്നത് |
| 82 | **TFT** | Thin Film Transistor |
| 83 | Third-Generation (3G | ഡിജിറ്റൽ വയർലസ് നെറ്റ് വർക്കുളിൽ കഴിവും ശേഷിയും കൂട്ടുന്നതിനുള്ള സംവിധാനം |
| 84 | TRI-BAND | ഒരു മൊബൈൽ ഫോൺ മൂന്ന് ബാൻഡുകളിൽ ഓപ്പറേറ്റ് ചെയ്യുന്നത് . ഉദാഹരണമായി ഒരു GSM ഫോൺ 900 MHz, 1800 MHz, and 1900 MHz. എന്നിവയിൽ പ്രവർത്തിക്കുന്നത് |
| 85 | **UMTS (Universal Mobile Telecommunications Systems)** | 384 kbps മുതൽ 2 Mbps. സ്പീഡ് നൽകുന്ന സംവിധാനം |
| 86 | USB | Universal Serial Bus |
| 87 | VGA (Video Graphics Array) | ചിത്രം , വീഡിയോ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു റസലൂഷൻ . അതായത് ഇതിന്റെ റസലൂഷൻ 640 pixels x 480 pixels. ആണ് . |
| 88 | **Voicemail** | ശബ്ദം റെക്കോഡ് ചെയ്ത് ഓഡിയോ മെസേജ് ആയി അയക്കുന്ന രീതി . ഫോൺ കാളുകൾ ഏൻസർ ചെയ്യാത്തപ്പോഴാണ് ഈ രീതി ഉപയോഗിക്കുക. |
| 89 | WAP (Wireless Application Protocol) | മൊബൈൽ ഫോണുകളിൽ വെബ് പേജുകൾ ദൃശ്യമാക്കുന്ന സംവിധാനം |
| 90 | WiFi | (Wireless Fidelity) |
| 91 | Xenon flash | ഇത് വളരെ കുറച്ച് സമയത്തേക്ക് വെളുത്ത പ്രകാശം പുറപ്പെടുവിക്കുന്നു. ഒരു ഗ്ലാസ് ട്യൂബിനകത്ത് സിനോൺ വാതകം നിറച്ച് അതിൽ വളരെ ഉയർന്ന വോൾട്ടേജ് പ്രയോഗിക്കുമ്പോൾ വളരെ പ്രകാശമാനമായ വെളുത്ത പ്രകാശം ഉണ്ടാവുന്നു . സാധാരണയായി സിനോൺ ഫ്ലാഷ് ലൈറ്റുകൾ ക്യാമറാ ഫോണുകളിലെ എൽ ഇ ഡി ഫ്ലാഷ് ലൈറ്റുകളേക്കാൾ കൂടുതൽ പ്രകാശം തരുന്നവയാണ് . പക്ഷെ ഇതിനെ ഒരു വീഡിയോക്കുള്ള ലൈറ്റായി ഉപയോഗിക്കുവാൻ കഴിയില്ല. ഒരു മൊബൈൽ ഫോണിൽ സിനോൺ ഫ്ലാഷ് ഉണ്ടെന്നു കരുതി അത് നല്ല വണ്ണം ഫ്ലാഷ് തരുന്നതാണെന്ന് പറയുന്നതിൽ അർത്ഥമില്ല . കാരണം , സിനോൺ ഫ്ലാഷിന്റെ പവർ അതുമായി ബന്ധമുള്ള കണ്ടസറിന്റെ കപ്പാസിറ്റിയെ അഥവാ കപ്പാസിറ്റൻസിനെ ആശ്രയിച്ചിരിക്കുന്നു. |
| | | |